(സി) അനേകം നികുതി നിരക്കുകൾ കൊണ്ട് സങ്കീർണ്ണമായിരുന്ന കേരള പൊതു വില്പന നികുതി നിയമം. എന്നാൽ മൂല്യ വർദ്ധിത നികുതി നിയമം നടപ്പിലാക്കിയശേഷം നികുതി നിരക്കുകൾ പ്രധാനമായും നാലായി വർഗ്ഗീകരിച്ച് ലഘൂകരിക്കുകയുണ്ടായി. ടി നിയമത്തിൽ സെൽഫ് അസെസ്സ്മെന്റ് സമ്പ്രദായമാണ് അനുവർത്തിച്ചു വരുന്നത്. കൂടാതെ ഇ-ഫയലിംഗ്, ഇ-പെയ്മെന്റ് എന്നിവ ഏർപ്പെടുത്തിക്കൊണ്ട് നടപടിക്രമങ്ങൾ കൂടുതൽ ലളിതവത്കരിച്ചിട്ടുണ്ട്. പിരിച്ചെടുക്കുന്ന നികുതി അതതുമാസം തന്നെ ഖജനാവിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെയുള്ള കോഴിക്കടത്ത് തടയുന്നതിന് നടപടി

147 (4138) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തേയ്ക്ക് ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ കോഴിക്കടത്ത് നടക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇതിനായി എത്ര സ്ക്വാഡുകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ;

(സി) ഈയിനത്തിൽ 2011 മുതൽ ലഭിച്ച നികുതിവരുമാനം സംബന്ധിച്ച ഓരോ വർഷത്തെയും വിശദാംശം നൽകുമോ?

ഉത്തരം

(എ) ഊടു വഴികളിലൂടെ കോഴി കടത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് നികുതിവെട്ടിച്ച് കോഴികടത്താൻ ധാരാളം ഊടുവഴികളുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പിന്റെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) ഇത് തടയുന്നതിനായി വാണിജ്യ നികുതി ഇന്റലിജൻസ് സ്ക്വാഡുകളുടെ സർവ്വയലൻസ് വർക്ക് ശക്തിപ്പെടുത്തുകയും സംസ്ഥാനത്തേക്കുള്ള ഊടുവഴികൾ ഉത്സവകാല സമയങ്ങളിലും അല്ലാതെയും സ്ക്വാഡുകളെ വിന്യസിച്ച് തടയാറുണ്ട്. ഇതിനായി 45 സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് സർവ്വയലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകൾക്ക് ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ നടത്തുന്ന കോഴിക്കടത്ത് തടയുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഇനത്തിൽ 2011 മുതൽ 2014-15 നവംബർ 30 വരെ ലഭിച്ച തുക ചുവടെ ചേർക്കുന്നു :

വർഷം	ലഭിച്ച തുക (ലക്ഷത്തിൽ)
2011-12	529.04
2012-13	637.23
2013-14	903.11
2014-15 നവംബർ 30 വരെ	662.54

കേന്ദ്ര നികുതി വിഹിതം

148 (4139) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012-13, 2013-14 എന്നീ വർഷങ്ങളിലെ കേന്ദ്ര നികുതി വിഹിതമായി ലഭിച്ച തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

2012-13, 2013-14 എന്നീ വർഷങ്ങളിൽ കേന്ദ്ര നികുതി വിഹിതമായി യഥാക്രമം 6840.65 കോടി, 7468.68 കോടി രൂപ വീതം ലഭിച്ചിട്ടുണ്ട്.

വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലെ വരുമാനം

149 (4140) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly